2) പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങളുടെ പ്രിന്റിംഗ്/റീപ്രിന്റിംഗ് ജോലിക്കായി (2200-3500 രൂപ സ്കെയിലിൽ) ഒരു ഇൻഫർമേഷൻ ഓഫീസറുടെ തസ്തിക.

3) ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിൽ (3000-5000 രൂപ സ്കെയിലിൽ) ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തിക. കൂടാതെ 'സ്പെഷ്യൽ കാമ്പയിൻ ഓഫീസർ' തസ്തികയുടെ പേര് സർക്കുലേഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ എന്ന് മാറ്റിക്കൊണ്ടും ഉത്തരവായി.

(സി) സംസ്ഥാനത്തെ 14 ജില്ലകളിലേയും പബ്ളിക് റിലേഷൻസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ, പബ്ളിക് റിലേഷൻസ് വകുപ്പിൽ ആദ്യം കോഴിക്കോട്, എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ മൂന്ന് റീജിയണൽ ഓഫീസുകളാണുണ്ടായിരുന്നത്. ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിലുള്ള ഓരോ റീജിയണൽ ഓഫീസും നാലും അഞ്ചും ജില്ലകളിലെ പ്രവർത്തനങ്ങൾ നിർവ്വഹിച്ചു വന്നിരുന്നു. അതനുസരിച്ച്, റീജിയണൽ ഓഫീസുകളുടെ ജോലിഭാരം വർദ്ധിച്ചതിനാൽ, 7.11.98 ലെ സ.ഉ. (കൈയെഴുത്ത്) നം. 612/98/പൊ.ഭ.വ. പ്രകാരം, പബ്ളിക് റിലേഷൻസ് വകുപ്പിൽ കണ്ണൂർ, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകൾ ആസ്ഥാനമായി മൂന്ന് റീജിയണൽ ഓഫീസുകളും, പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫും (ഒരു ഡെപ്യൂട്ടി ഡയറക്ടർ, ഒരു ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഒരു ഡ്രൈവർ, ഒരു ശിപായി തസ്തികകൾ) അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

16 (2201) പിന്നോക്കക്ഷേമ വകുപ്പിന്റെ രൂപീകരണം

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കക്ഷേമ വകുപ്പ് എന്ന് നിലവിൽവരും എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വകുപ്പിൻകീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ഏതൊക്കെയാണ്?

<u>ഉത്തരം</u>

(എ) പിന്നോക്കക്ഷേമ വകുപ്പ് രൂപീകരിക്കുവാൻ തീരുമാനമായി.

(ബി) പിന്നോക്ക സമുദായത്തിന് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ, പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ, പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ, എസ്.ഇ.ബി.സി. ക്കാരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സീറ്റ് സംവരണം, ഉദ്യോഗ നിയമനങ്ങളിലെ സംവരണം, പിന്നോക്ക സമുദായപട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിശോധിക്കുക, പിന്നോക്ക വിഭാഗ കമ്മീഷൻ, പിന്നോക്കക്കാരുടെ പ്രീ-എക്സാമിനേഷൻ കോച്ചിംഗ്, പിന്നോക്ക വിഭാഗക്കാരുടെ സാമൂഹ്യവും സാമ്പത്തികവുമായ ക്ഷേമവികസന പരിപാടികൾ, പിന്നോക്ക വിഭാഗക്കാർക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ തുടങ്ങിയവയ്ക്ക് ധനസഹായം അനുവദിക്കുക എന്നിവയാണ് ഈ വകുപ്പിൻ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly